# 2010

കേരളാ
അസ്സോസിയേഷൻ ഓഫ്
വാഷിങ്ടൻ

ആഷ്‌ലി ഇലഞ്ഞിക്കൽ

# Kerala Association of Washington

# [2010-ലെ വാർഷിക ധനകാര്യ റിപ്പോർട്ട്]

2011 ഫെബ്രുവരി 19-നു് ജനറൽ ബോഡി മുമ്പാകെ ട്രഷറർ ആഷ്‌ലി ഇലഞ്ഞിക്കൽ സമർപ്പിച്ച കേരളാ അസ്സോസിയേഷന്റെ 2010-ലെ വാർഷിക ധനകാര്യ റിപ്പോർട്ട്.

# കേരളാ അസ്സോസിയേഷൻ ഓഫ് വാഷിങ്ടൻ
# എക്സിക്യൂട്ടീവ് കമ്മിറ്റി 2010
# വാർഷിക ധനകാര്യ റിപ്പോർട്ട്

പ്രിയപ്പെട്ട കേരളാ അസ്സോസിയേഷൻ അംഗങ്ങളേ,

അസ്സോസിയേഷനെ സംബന്ധിച്ചിടത്തോളം വളരെ തൃപ്തികരമായ വർഷമായിരുന്നു 2010. എക്സിക്യൂട്ടീവ് കമ്മിറ്റി പ്രധാനമായും രണ്ടു ലക്ഷ്യത്തോടെയാണ് കഴിഞ്ഞ വർഷം പ്രവർത്തിച്ചിരുന്നതു്: അസ്സോസിയേഷൻ അംഗത്വം കൂട്ടാനും, പരിപാടികൾക്കു് സ്പോൺസർമാരെ കണ്ടെത്താനും. ഈ രണ്ടു ലക്ഷ്യങ്ങളും റെക്കോഡോടെ കൈവരിക്കാൻ സാധിച്ചതു മൂലം അസ്സോസിയേഷന്റെ പ്രവർത്തനച്ചെലവുകളുടെ സിംഹഭാഗവുംഅംഗങ്ങളിലേയ്ക്കു് കൈമാറേണ്ടി വന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി അസ്സോസിയേഷന്റെ പ്രവർത്തന വിജയത്തെ വിലയിരുത്തിയിരുന്ന മാനദണ്ഡങ്ങൾക്കു വ്യത്യസ്ഥമായി, ഈ കമ്മിറ്റി വിശ്വസിച്ചതു്, സാമ്പത്തിക ലാഭത്തിന്റെ ഒരുഭാഗം അംഗങ്ങൾക്കു പ്രയോജനപ്പെടുന്ന രീതിയിൽ പങ്കുവയ്ക്കാനും മറ്റൊരു ഭാഗം ആതുരസേവനത്തിനായി കേരളത്തിൽ വിനിയോഗിക്കാനുമായിരുന്നു.

ഈ കമ്മിറ്റിയുടെ വരവുചിലവുകണക്കുകൾ ഇപ്രകാരം ക്രോഡീകരിക്കാം:

| 2010-ലെ മൊത്തം വരുമാനം | $28,369.65 |
|---|---|
| അംഗങ്ങളിൽ നിന്നു് ഈടാക്കിയ തുക (അംഗത്വ ഫീസ്, പ്രവേശന ഫീസുകൾ, റ്റിക്കറ്റു തുക) | $18910.65 |
| പരസ്യവരുമാനം | $9450.00 |
| അസ്സോസിയേഷന്റെ പ്രവർത്തന ചെലവു് | $25047.16 |
| ആതുരസേവനത്തിനായി ചെലവാക്കിയതു് | $3321.49 |
| 2010-ലെ നീക്കിയിരിപ്പു് | $1.00 |

## അംഗത്വം

2010-ൽ അസ്സോസിയേഷൻ അംഗത്വത്തിത്തിലും അംഗത്വം മൂലമുള്ള പ്രയോജനങ്ങളിലും മുൻകാലങ്ങളെ അപേക്ഷിച്ചു് വ്യക്തമായ വർദ്ധനവുണ്ടായി. 331 കുടുംബങ്ങൾ അസ്സോസിയേഷനിൽ അംഗത്വം സ്വീകരിച്ചു. ഈ വർഷം കലാ കായിക പരിപാടികളിൽ പങ്കെടുക്കുന്നതിനു് അസ്സോസിയേഷൻ അംഗത്വം നിർബന്ധമാക്കി. ഓണം, ക്രിസ്മസ് എന്നിവയോടനുബന്ധിച്ചു് ഒരു കലാപരിപാടി സ്റ്റേജിലവതരിപ്പിക്കുന്നതിനു് അസ്സോസിയേഷനു് ശരാശരി നൂറ്റമ്പതു ഡോളറോളം ചെലവുണ്ടു്. അസ്സോസിയേഷനിൽ അംഗത്വം സ്വീകരിക്കാത്തവർക്കായി ഈ തുക ചിലവഴിക്കുന്നതു് അർത്ഥശൂന്യമാണെന്നു് ഈ കമ്മിറ്റി വിലയിരുത്തി. അംഗത്വം സ്വീകരിക്കുന്നതിന്റെ മൂല്യം മനസ്സിലാക്കിയവർ ഈ വർഷത്തിലുടനീളം അംഗത്വമെടുക്കാൻ മുന്നോട്ടുവന്നു.




## അംഗത്വ നേട്ടങ്ങൾ

വ്യക്തമായ നേട്ടങ്ങളുടെ അഭാവത്തിൽ അസ്സോസിയേഷൻ അംഗത്വമെടുക്കാൻ ആൾക്കാർ മടികാണിക്കുക സ്വാഭാവികമാണല്ലോ. അംഗത്വമെടുക്കുന്നതു വഴിയുള്ള സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങൾ താഴെക്കൊടുക്കുന്നു.

**സാമൂഹിക നേട്ടങ്ങൾ:**

- കായികമത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം
- ഓണത്തിനും ക്രിസ്മസിനും കലാപരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം
- മദേഴ്സ് ഡേ ആഘോഷത്തോടനുബന്ധിച്ചുള്ള, പാചകമത്സരം, പ്രച്ഛന്ന വേഷം തുടങ്ങിയ വിവിധതരം പരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം

**സാമ്പത്തിക നേട്ടങ്ങൾ:**

| *Event* | *KAW Member Expense* | | *KAW Non Member Expense* | |
|---|---|---|---|---|
| | 2 Adults | 1 Adult | 2 Adults | 1 Adult |
| **In Ghost House Inn** | $16 | $8 | $24 | $12 |
| **Pappi Appacha** | $16 | $8 | $24 | $12 |
| **Pokkiri Raja** | $16 | $8 | $24 | $12 |
| **Stage Show** | $40 | $20 | $50 | $25 |
| **Oru Naal Varum** | $20 | $10 | $28 | $14 |
| **Onam** | $5 | $5 | $20 | $10 |
| **Elsamma Enna Aankutty** | $16 | $8 | $20 | $10 |
| **Pranchiyettan and the Saint** | $0 | $0 | $20 | $10 |
| *Total* | ***$ 129.00*** | ***$ 67.00*** | ***$ 210.00*** | ***$ 105.00*** |

ഇതിനു പുറമേ, 1000 ഡോളറിനു മേൽ ട്രോഫികളും ഗിഫ്റ്റ് കാർഡുകളും അംഗങ്ങൾക്കുവേണ്ടി സമ്മാനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ഗിഫ്റ്റ് കാർഡുകൾ | $271.90 |
| ട്രോഫികൾ | $856.92 |
| മയൂരി സമ്മാനക്കൂപ്പണുകൾ | $100.00 |

## വരുമാനം ഒറ്റനോട്ടത്തിൽ

ഈ കമ്മിറ്റി പരസ്യവരുമാനത്തിനായി സിയാറ്റിൽ ഭാഗത്തുള്ള പലതരം ബിസിനസ് സംരംഭങ്ങളേയും സമീപിച്ചു. ഇതിൽ യൂണിവേഴ്സിറ്റികൾ, റീയൽറ്റേഴ്സ്, ഇൻഷുറൻസ് കമ്പനികൾ, ഇന്ത്യൻ കടകൾ എന്നിവയുൾപ്പെടുന്നു. ഈ പ്രയനത്നം അർത്ഥവത്തായി. അസ്സോസിയേഷന്റെ മൊത്തവരുമാനത്തിന്റെ 33% പരസ്യങ്ങളിൽ നിന്നു് ലഭിച്ചപ്പോൾ അംഗത്വഫീസിലൂടെയുള്ള വരുമാനം 17% മാത്രമാണു്.



## ചെലവു് ഒറ്റനോട്ടത്തിൽ

അസ്സോസിയേഷന്റെ ഏറ്റവും ചെലവേറിയ പരിപാടികൾ സ്റ്റേജ് ഷോയും സിനിമാപ്രദർശനങ്ങളുമാണു്. ഇക്കൊല്ലം സ്പോർട്സിന്റെ ചെലവിലും ക്രമാതീതമായ വർദ്ധനയുണ്ടായി. ഇതിനു കാരണം കളിസ്ഥലവാടകയിൽ വന്ന വർദ്ധനവും വ്യക്തിഗത ട്രോഫി വിതരണച്ചെലവും ഫുട്ബോൾ മത്സരങ്ങൾക്കായി ലീഗംഗീകൃത റഫറിമാരെ നിയോഗിച്ചതുമാണു്.




ഓഡിറ്റർ രാജ് കിഴക്കേക്കളത്തിൽ പരിശോധിച്ച ഈ ധനകാര്യ റിപ്പോർട്ട് ബഹുമാന്യരായ അംഗങ്ങളുടെ പരിഗണനയ്ക്കും അറിവിലേയ്ക്കും വേണ്ടി ഇതിനാൽ ആദരവോടെ സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
ആഷ്‌ലി ഇലഞ്ഞിക്കൽ
(ട്രഷറർ, കേരളാ അസ്സോസിയേഷൻ ഓഫ് വാഷിങ്ടൻ)
ഫെബ്രുവരി 19, 2011.

## ഓഡിറ്റർ പരിശോധിച്ചു് അംഗീകരിച്ച കണക്കുകൾ

| Program | Income | Expense | Profit |
|---|---|---|---|
| **Memberships – 331** | $4,890.56 | 0 | +4,890.56 |
| **Stage Show Star Singers** | $9,092.68 | $8,152.91 | +939.77 |
| **Email Advertisements** | $350 | $0 | +$350 |
| **Xmas/New Year** | $2,400 | $2,040.14 | +$359.86 |
| **Movie - Oru Naal Varum** | $1,176 | $1,070.92 | +$105.08 |
| **Movie – HHN** | $1,120 | $1,079.95 | +$40.05 |
| **Onam** | $2,694.41 | $2,674.26 | +$20.15 |
| **Sports** | $3,134 | $3,138 | -$4 |
| **Movie – Pappi Appacha** | $1,053 | $1,079.10 | -$26.10 |
| **Movie – Elsamma** | $1,041 | $1,075.33 | -$34.33 |
| **Bishops in Seattle** | $0 | $37 | -$37 |
| **Mothers' Day** | $175 | $398.06 | -$223.06 |
| **Movie – Pokkiri Raja** | $840 | $1,107.07 | -$267.07 |
| **Misc Expenditure (Roopa Wreathe, FOAMAA & EC Dinner)** | $0 | $500.94 | -$500.94 |
| **Movie – Pranchiyettan** | $182 | $1,071.77 | -$889.77 |
| **Picnic** | $171 | $1,351.27 | -$1180.27 |
| **Charity** | $50 | $3,321.49 | -$3271.49 |
| **Administrative Expenses** | $0 | $270.44 | -$270.44 |
| Total | **$28,369.65** | **$28,368.65** | **+$1.00** |